**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(HARITHA V KUMAR)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി ജീവനക്കാരുടെ 2024 ഡിസംബർ ( 2025 ജനുവരി മാസം ചെലവഴിക്കുന്നത്) മാസത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറേറിയം അനുവദിച്ചുത്തരവാകുന്നു.

പരാമർശം: 1. സ.ഉ. (സാധാ) നം 263/2024 WCDD തീയതി 25-07-2024
2 സ.ഉ. (സാധാ) നം 115/2024 WCDD തീയതി 16-03-2024
3 സീനിയര് ഫിനാൻസ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പർ കുറിപ്പ്

**ഉത്തരവ് നം. DWCD/5264/2024-ICDSB6 തീയതി: 03-01-2025**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി ജീവനക്കാർക്കുള്ള ഹോണറേറിയം. 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഹോണറേറിയം. സംസ്ഥാന സർക്കാർ അനുവദിക്കുന്ന അധിക ഹോണറേറിയം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തിൽ പ്രതിമാസം അനുവദിച്ചു വരുന്നു.

അങ്കണവാടി പ്രവർത്തകരുടെ 2024 ഡിസംബർ ( 2025 ജനുവരി മാസം ചെലവഴിക്കുന്നത്) മാസത്തെ ഹോണറേറിയം നൽകുന്നതിനായി തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർമാർക്കും , ഹെൽപ്പർമാർക്കും , തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം പ്രതിമാസം 12,08,88,000/- രൂപ ആവശ്യമുള്ളതിനാൽ, 12,08,88,000/- രൂപ (പന്ത്രണ്ട് കോടി എട്ട് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ) 2024 ഡിസംബർ (2025 ജനുവരി മാസം ചെലവഴിക്കുന്നത്) മാസത്തെ ഹോണറേറിയം നൽകുന്നതിനായി ചുവടെ പട്ടിക പ്രകാരം അനുവദിച്ചുത്തരവാകുന്നു

ഹോണറേറിയം തുക അനുവദിക്കുന്ന 2235-02-102-34 (NP) ശീർഷകത്തിൽ ഫണ്ട് ലിമിറ്റ് ഉയർത്തി നൽകുന്നതിലേക്കായി നിലവിൽ സർക്കാരിലേക്ക് അനുമതി ആവശ്യപ്പെട്ടു വരുകയാണ്. എന്നാൽ ആഗസ്റ്റ് മാസം മുതൽ ഫണ്ട് ലിമിറ്റ് ഉയർത്തുന്നതിന് അതത് മാസങ്ങളിൽ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2024 ഡിസംബർ (2025 ജനുവരി മാസം ചെലവഴിക്കുന്നത്)

മാസത്തെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | ഒരു മാസം പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് (AWW @ Rs.2200/- & AWH @ Rs.1450/-) |
|---|---|---|---|
| *1* | *2* | *3* | *4* |
| 1 | Thiruvananthapuram | 3061 | 11172650 |
| 2 | Kollam | 2723 | 9938950 |
| 3 | Pathanamthitta | 1389 | 5069850 |
| 4 | Alapuzha | 2150 | 7847500 |
| 5 | Kottayam | 2050 | 7482500 |
| 6 | Idukki | 1561 | 5697650 |
| 7 | Ernakulam | 2858 | 10431700 |
| 8 | Thrissur | 3016 | 11008400 |
| 9 | Palakkad | 2838 | 10358700 |
| 10 | Malappuram | 3808 | 13899200 |
| 11 | Kozhikkodu | 2938 | 10723700 |
| 12 | Wayanad | 876 | 3197400 |
| 13 | Kannur | 2504 | 9139600 |
| 14 | Kasargod | 1348 | 4920200 |
| *Total* | | *33120* | *12,08,88,000/-* |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ ഡിസംബർ മാസത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിത ഹോണറെറിയം അല്ലോട്ട്മെന്റ് ആയി ബന്ധപ്പെട്ട സി.ഡി.പി.ഒ മാർക്ക് നൽകേണ്ടതാണ്.

അങ്കണവാടി പ്രവത്തകരുടെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം ഇനത്തിൽ ആവശ്യമായ തുക. 12,08,88,000/- **രൂപ (പന്ത്രണ്ട് കോടി എട്ട് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ)** 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും പിൻവലിക്കാവുന്നതാണ്.

HARITHA V KUMAR
**വനിത ശിശു വികസന ഡയറക്ടർ**

സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ

പകർപ്പ്:

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

2 എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും

3 വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിന് പ്രകാരം

സൂപ്രണ്ട്